പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 26

# 2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ

(ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 26

2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ

(ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

1095/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 26

# 2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ

(ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും പുതിയ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള

ഒരു

ബിൽ

പീഠിക.—ആരോഗ്യമുള്ള ജനത ഏതൊരു സമൂഹത്തിന്റെയും വളർച്ചയ്ക്ക് അനിവാര്യമായ ഘടകമാണ്. കേവലം വിനോദത്തിനപ്പുറം ആരോഗ്യ സംരക്ഷണത്തിനും കൂടിയാണ് നാം കായികവിനോദങ്ങളിൽ ഏർപ്പെടുന്നത്. വ്യായാമമില്ലാത്ത ജനങ്ങൾ രോഗഗ്രസ്തമായ ഒരു സമൂഹത്തെയാണ് സൃഷ്ടിക്കുന്നത്. അനുദിനം ഗ്രാമങ്ങൾ പോലും നഗരവൽക്കരിക്കുന്ന സംസ്ഥാനത്തെ സവിശേഷമായ സാഹചര്യത്തിൽ വ്യായാമത്തിനും കായികവിനോദത്തിനും കളിസ്ഥലങ്ങളുടെ അഭാവം വർദ്ധിക്കുകയാണ്. ആയതിനാൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും പുതിയ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നത് യുക്തമായിരിക്കുന്നതിനാലും;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.—(1) ഈ നിയമം "2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ആക്റ്റ്" എന്ന പേരിൽ അറിയപ്പെടുന്നതാണ്.

(2) ഈ നിയമത്തിന്റെ പരിധി കേരള സംസ്ഥാനമൊട്ടാകെ ആയിരിക്കും.

(3) കേരള സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ നിയമത്തിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;





(ബി) "തദ്ദേശാധികാര സ്ഥാപനങ്ങൾ" എന്നാൽ 1994-ൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു ;

(സി) "ജില്ലാ പഞ്ചായത്ത്" എന്നാൽ 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ടിലെ 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ജില്ലാ പഞ്ചായത്ത് എന്നർത്ഥമാകുന്നു ;

(ഡി) "ബ്ലോക്ക് പഞ്ചായത്ത്" എന്നാൽ 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ടിലെ 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ബ്ലോക്ക് പഞ്ചായത്ത് എന്നർത്ഥമാകുന്നു ;

(ഇ) "മുനിസിപ്പാലിറ്റി" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ടൗൺ അല്ലെങ്കിൽ ഒരു മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു ;

(എഫ്) "ഗ്രാമപഞ്ചായത്ത്" എന്നാൽ 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ടിലെ 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് എന്നർത്ഥമാകുന്നു ;

(ജി) "കളക്ടർ" എന്നാൽ ജില്ലയുടെ കളക്ടർ എന്നർത്ഥമാകുന്നു ;

(എച്ച്) "ജില്ലാ വിദഗ്ദ്ധസമിതി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാ വിദഗ്ദ്ധസമിതി എന്നർത്ഥമാകുന്നു ;

(ഐ) "വകുപ്പ്" എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു ;

(ജെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(കെ) "വിജ്ഞാപനം" എന്നാൽ ഈ ആക്ട് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(എൽ) "ഫണ്ട്" എന്നാൽ അതത് തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക ബഡ്ജറ്റിൽ ഒരു നിശ്ചിത തുക ഉൾപ്പെടുത്തേണ്ടതും വിവിധ സർക്കാർ പദ്ധതി പ്രകാരം നൽകുന്ന തുകയും എന്ന് അർത്ഥമാകുന്നു ;

(എം) "കളിസ്ഥലങ്ങൾ" എന്നാൽ ദേശീയതലത്തിലും സംസ്ഥാനതലത്തിലും പ്രാദേശികതലത്തിലുമുള്ള കായികമായ എല്ലാത്തരം വിനോദത്തിനും വ്യായാമത്തിനും ഏവർക്കും ഉപയോഗിക്കാവുന്നതും അതത് സ്ഥലത്തെ കളികൾക്ക് അനുയോജ്യവുമായ ചെറുതും വലുതുമായ കളിസ്ഥലം എന്നർത്ഥമാകുന്നു.

3. ജില്ലാ വിദഗ്ദ്ധസമിതിയുടെ രൂപീകരണവും ഘടനയും.—(1) ഈ ആക്ട് നിലവിൽ വന്നതിനുശേഷം എത്രയുംവേഗം സർക്കാർ വിജ്ഞാപനംവഴി സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കുംവേണ്ടി വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള ഓരോ സമിതി രൂപീകരിക്കേണ്ടതാണ്.

(2) ഓരോ വിദഗ്ദ്ധസമിതിയിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് :

(എ) ജില്ലാ കളക്ടർ—എക്സ്-ഒഫീഷ്യോ ;

(ബി) ജില്ലാ പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ജില്ലാ പഞ്ചായത്ത് അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/അംഗം ;

(സി) ജില്ലയിലെ നിയമസഭാ സാമാജികർ ;

(ഡി) ജില്ലയിലെ ക്രമസമാധാന ചുമതലയുള്ള പോലീസ് സൂപ്രണ്ട് ;

(ഇ) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ—എക്സ്-ഒഫീഷ്യോ ;

(എഫ്) ജില്ലാ സ്പോർട്സ് കൗൺസിൽ വകുപ്പ് പ്രസിഡന്റ്/അംഗം/സെക്രട്ടറി ;

(ജി) ജില്ലാ വിദ്യാഭ്യാസ ഓഫീസർ—എക്സ്-ഒഫീഷ്യോ ;

(എച്ച്) ജില്ലയിലെ മുനിസിപ്പൽ/കോർപ്പറേഷൻ, മുഴുവൻ മുനിസിപ്പൽ കൗൺസിൽ ചെയർമാൻ/ചെയർപേഴ്സൺമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ ;

(ഐ) ജില്ലയിലെ മുഴുവൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം ;

(ജെ) ജില്ലയിൽ ജോലി ചെയ്യുന്നതും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതുമായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ കുറയാത്ത ജലവിഭവ വകുപ്പിലെ ഒരു എഞ്ചിനീയർ ;

(കെ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതും, മറ്റ് ഏതെങ്കിലും ഒരു വകുപ്പിലെ, ജില്ലയിൽ ജോലിയുള്ളതും, ജില്ലാതലത്തിലുള്ള പദവിയുള്ള ഒരു ഓഫീസർ ;

(എൽ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പരിസ്ഥിതി പ്രവർത്തനവുമായി ബന്ധപ്പെട്ട രണ്ട് പൊതുപ്രവർത്തകർ ;

(എം) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ;

(എൻ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്.

(3) ജില്ലാ കളക്ടർ സമിതിയുടെ ചെയർമാനായിരിക്കേണ്ടതും, ജില്ലാ സ്പോർട്സ് കൗൺസിൽ/വകുപ്പ് സെക്രട്ടറി കൺവീനറായിരിക്കേണ്ടതുമാണ്.

(4) വിദഗ്ദ്ധസമിതി ചെയർമാൻ, നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതും ഈ ആക്ട് പ്രകാരവും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരവും ഏല്പിച്ചുകൊടുക്കാവുന്ന അത്തരം അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.



4. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വിദഗ്ദ്ധസമിതികളുടെ രൂപീകരണം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളുടെ കമ്മിറ്റികളുടെ രൂപീകരണവും ഘടനയും.—(1) ജില്ലാ കളക്ടർമാർക്ക് ഒരു ജില്ലയിൽ സ്ഥിതി ചെയ്യുന്ന എല്ലാ പഞ്ചായത്തിലെയും ബ്ലോക്ക് പഞ്ചായത്തിലെയും മുനിസിപ്പാലിറ്റിയിലെയും കോർപ്പറേഷനിലെയും കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിനോ പരിപാലിക്കുന്നതിനോ നിർമ്മിക്കുന്നതിനോ പ്രസ്തുത തദ്ദേശ സ്ഥാപനത്തിന്റെ പേരോടുകൂടിയ വിദഗ്ദ്ധ സമിതികൾ താഴെപ്പറയുന്ന പ്രകാരം രൂപീകരിക്കേണ്ടതാണ് :

(എ) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ ബ്ലോക്ക് പ്രസിഡന്റോ അഥവാ മുനിസിപ്പൽ ചെയർമാനോ/ചെയർപേഴ്സണോ മേയറോ—എക്സ്-ഒഫീഷ്യോ ;

(ബി) പ്രസ്തുത പ്രദേശത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി—എക്സ്-ഒഫീഷ്യോ ;

(സി) പ്രസ്തുത പ്രദേശത്തെ അധികാരത്തിലുള്ള റവന്യൂ, സ്പോർട്സ്, വിദ്യാഭ്യാസ, ജലവിഭവ വകുപ്പ്, പി.ഡബ്ല്യൂ.ഡി., വനം വകുപ്പ്, ഗ്രാമ-ബ്ലോക്ക് സെക്രട്ടറിമാർ—എക്സ്-ഒഫീഷ്യോ ;

(ഡി) പ്രസ്തുത പ്രദേശത്തെ അധികാരികത്വമുള്ള വില്ലേജ് ഓഫീസർ ;

(ഇ) പ്രസ്തുത പ്രദേശത്തുള്ളതും കളക്ടർ നാമനിർദ്ദേശം ചെയ്യുന്നതുമായ രണ്ട് പരിസ്ഥിതി പ്രവർത്തകർ ;

(എഫ്) പ്രസ്തുത പ്രദേശത്തുള്ളതും കളക്ടർ നാമനിർദ്ദേശം ചെയ്യുന്നതുമായ രണ്ട് കായികതാരങ്ങളോ/കായികപ്രേമികളോ.

(2) ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലെ പ്രസിഡന്റോ ചെയർമാൻ/ചെയർപേഴ്സണോ അതതു സംഗതിപോലെ വിദഗ്ദ്ധസമിതിയുടെ ചെയർമാനായിരിക്കേണ്ടതും ബ്ലോക്ക്-ഗ്രാമ-പഞ്ചായത്ത് മുനിസിപ്പൽ സെക്രട്ടറിയോ അതതു സംഗതിപോലെ കമ്മിറ്റിയുടെ കൺവീനറായിരിക്കേണ്ടതുമാണ്.

(3) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരമുള്ള സ്ഥലത്തും സമയത്തും വിദഗ്ദ്ധസമിതിയുടെ യോഗം ചേരേണ്ടതും ഈ ആക്ട് പ്രകാരമോ അതിൻ കീഴിലുണ്ടാക്കിയ ആക്ടുകൾ പ്രകാരമോ ഏൽപ്പിച്ചുകൊടുക്കാവുന്ന അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.

5. ഔദ്യോഗിക കാലാവധി.—(1) ഈ ആക്ടിൽ മറ്റുതരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ അതതു സംഗതിപോലെ ജില്ലാ വിദഗ്ദ്ധസമിതിയുടെയും അഥവാ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പൽ കമ്മിറ്റിയുടെയും എക്സ്-ഒഫീഷ്യോ അംഗങ്ങളും ഔദ്യോഗികാംഗങ്ങളും ഒഴികെയുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി നാമനിർദ്ദേശം ചെയ്ത തീയതി മുതൽ മൂന്ന് വർഷം ആയിരിക്കുന്നതും പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

(2) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ (1) ഖണ്ഡത്തിലും 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (1) ഖണ്ഡത്തിലും പരാമർശിക്കുന്ന ഒരു അംഗം അതതു സംഗതിപോലെ സർക്കാരിനെയോ അല്ലെങ്കിൽ ജില്ലാ കളക്ടറെയോ രേഖാമൂലം അറിയിച്ചുകൊണ്ട് തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതും അതതു സംഗതിപോലെ സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ രാജി സ്വീകരിക്കുന്നമുറയ്ക്ക് അയാൾ അംഗമല്ലാതായിത്തീരുന്നതുമാണ്.

6. ഒഴിവ്, ന്യൂനത എന്നീ കാരണങ്ങളാൽ അതതു വിദഗ്ദ്ധസമിതിയുടെയോ അതതു കമ്മിറ്റികളുടെയോ പ്രവൃത്തികൾ അസാധുവാക്കുന്നതല്ലെന്ന്.—ജില്ലാ വിദഗ്ദ്ധ സമിതിയോ ഗ്രാമപഞ്ചായത്ത്-ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി/കമ്മിറ്റിയോ ചെയ്ത ഏതൊരു പ്രവൃത്തിയോ എടുത്ത ഏതൊരു നടപടിയോ,—

(എ) മേൽപ്പറഞ്ഞ കമ്മിറ്റികളിലെ ഏതെങ്കിലും ഒഴിവിന്റെയോ അതിന്റെ രൂപീകരണത്തിലെ ഏതെങ്കിലും ന്യൂനതയോ;

(ബി) വിഷയത്തിന്റെ മൂല്യത്തെ ബാധിക്കാത്ത മേൽപ്പറഞ്ഞ കമ്മിറ്റികളുടെ നടപടികളിൽ ഉള്ള ഏതെങ്കിലും ക്രമക്കേടിന്റെയോ കാരണത്താൽ മാത്രം അസാധുവാക്കപ്പെടുന്നതല്ല.

7. ഒഴിവുകൾ.—(1) അതതു സംഗതിപോലെ ജില്ലാ വിദഗ്ദ്ധസമിതിയിലോ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പൽ വിദഗ്ദ്ധസമിതിയിലുണ്ടാകുന്ന ഏതൊരു ഒഴിവും കഴിയുന്നതുംവേഗം നാമനിർദ്ദേശമായി അതതു സംഗതിപോലെ സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ നികത്തേണ്ടതാണ്.

(2) ആകസ്മിക ഒഴിവ് നികത്താൻ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ അയാൾ ഏത് അംഗത്തിന്റെ സ്ഥാനത്തേക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ ഒഴിവ് ഉണ്ടാകാതിരുന്നുവെങ്കിൽ പ്രസ്തുത അംഗത്തിന് ഉദ്യോഗത്തിൽ തുടരാമായിരുന്ന കാലാവധിവരെ ഉദ്യോഗം വഹിക്കേണ്ടതാണ്.

8. ജില്ലാ വിദഗ്ദ്ധസമിതിയുടെ യോഗങ്ങൾ.—(1) ജില്ലാ വിദഗ്ദ്ധസമിതി കുറഞ്ഞത് വർഷത്തിൽ മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും നിർബന്ധമായും ചേരേണ്ടതും ആവശ്യമെങ്കിൽ എല്ലാമാസവും യോഗം ചേരേണ്ടതുമാണ്.

(2) യോഗത്തിനുള്ള ക്വാറം ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

(3) ചെയർമാൻ തന്റെ അസാന്നിദ്ധ്യത്തിൽ യോഗത്തിന് അദ്ധ്യക്ഷത വഹിക്കാൻ അംഗങ്ങളിൽ ഒരാളെ നാമനിർദ്ദേശം നൽകാവുന്നതാണ്.

9. ജില്ലാ വിദഗ്ദ്ധസമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—ഈ ആക്ടിലെ മറ്റ് വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി ജില്ലാ വിദഗ്ദ്ധസമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്:

(എ) ജില്ലയിൽ നിലവിലുള്ള കളിസ്ഥലങ്ങളുടെ അവസ്ഥയെക്കുറിച്ച് പഠിക്കുകയും, സംരക്ഷണവും പരിപാലനവും ആവശ്യമെങ്കിൽ അതിനുള്ള ആലോചനകൾ നടത്തുകയും നടപടി സ്വീകരിക്കുകയും കളിസ്ഥലങ്ങൾ നിലവിലില്ലാത്ത ജില്ലയിലെ



അതത് പ്രദേശങ്ങളിൽ അവ നിർമ്മിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കേണ്ടതാകുന്നു ;

(ബി ) കളിസ്ഥലങ്ങളുടെ പരിപാലനത്തെയും, നിർമ്മാണത്തെയും കുറിച്ചും ഏതെങ്കിലും കേന്ദ്ര-സംസ്ഥാന ആക്ടുകളോ ഉത്തരവുകളോ ഉണ്ടെങ്കിൽ അതിനു വിധേയമായും മറ്റു സർക്കാർ വകുപ്പുകളുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ടും ഗ്രാമ-ബ്ലോക്ക്-പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ കളിസ്ഥലങ്ങളുടെ സംരക്ഷണത്തിനും വ്യാപനത്തിനും ഇടപെടൽ നടത്തുക ;

(സി) ജില്ലയിലെ പഞ്ചായത്ത്-മുനിസിപ്പാലിറ്റികളിലുള്ള കളിസ്ഥലങ്ങൾ ഏതെങ്കിലും കാരണത്താൽ ഇല്ലാതാക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നത് നിയന്ത്രിക്കൽ;

(ഡി) സ്ഥല-ജലവിഭവ പരിഗണനാരീതി അവലംബിച്ച് കളിസ്ഥലങ്ങൾ സംരക്ഷിക്കുകയും അവയുടെ ഭൗതികാടിത്തറ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കൽ;

(ഇ) പഞ്ചായത്ത്/മുനിസിപ്പൽ കമ്മിറ്റികളുടെ അഭിപ്രായം പരിഗണിക്കുകയും ഈ ആക്ടിന്റെ ലക്ഷ്യം നേടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുക;

(എഫ്) ജില്ലയിലെ പഞ്ചായത്ത് മുനിസിപ്പൽ കമ്മിറ്റികൾ ഈ ആക്ട് പ്രകാരം അവർക്ക് നൽകിയ അധികാരവും കർത്തവ്യവും നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക;

(ജി) സംസ്ഥാനത്ത് കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളെക്കുറിച്ച് സർക്കാരിനെ ഉപദേശിക്കുക;

(എച്ച്) വർഷത്തിലെ ഏതെങ്കിലും സീസണിൽ ഏതെങ്കിലും പ്രത്യേക സ്ഥലത്തോ-സമയത്തോ ഏതെങ്കിലും കളിസ്ഥലങ്ങളിൽ കളികൾ തൽക്കാലത്തേക്ക് നിരോധനങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യകതയുണ്ടെങ്കിൽ ആയത് സർക്കാരിനോട് ശിപാർശ ചെയ്യുക;

(ഐ) കാലാകാലങ്ങളിൽ സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുക;

(ജെ) ഈ ആക്ട് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ അതിന് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക;

(കെ) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വേണ്ടിയുള്ള മറ്റേതെങ്കിലും സംഗതിയെക്കുറിച്ച് ഉപദേശം നൽകുക.

10. പഞ്ചായത്ത്/മുനിസിപ്പൽ കമ്മിറ്റികളുടെ യോഗം.—(1) പഞ്ചായത്ത്/മുനിസിപ്പൽ വിദഗ്ദ്ധസമിതിയുടെ യോഗം മാസത്തിൽ ഒരിക്കലെങ്കിലും ചേരേണ്ടതാണ്.

(2) യോഗത്തിന്റെ ക്വാറം ആകെയുള്ള അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കുന്നതാണ്.

(3) ചെയർമാന് തന്റെ അസാന്നിദ്ധ്യത്തിൽ അംഗങ്ങളുടെ ഇടയിൽനിന്നും ഒരാളെ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിന് നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അഥവാ നാമനിർദ്ദേശം ചെയ്യുവാൻ കഴിയാതെവരുന്ന സാഹചര്യം സംജാതമായാൽ യോഗത്തിൽ ഹാജരുള്ള അംഗങ്ങൾക്ക് ആ സ്ഥാനം വഹിക്കുന്നതിന് വേണ്ടി ഒരംഗത്തെ നിർദ്ദേശിക്കാവുന്നതാണ്.

11. <u>പഞ്ചായത്ത്/മുനിസിപ്പൽ വിദഗ്ദ്ധസമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.</u>—ഈ ആക്ടിലെ മറ്റ് വ്യവസ്ഥകൾക്കും അതിൻകീഴിലെ ചട്ടങ്ങൾക്കും വിധേയമായി കളിസ്ഥലങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടവും നിയന്ത്രണവും വഹിക്കേണ്ടതും ജില്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടവും നിയന്ത്രണവും വഹിക്കേണ്ടതും ജില്ലാ വിദഗ്ദ്ധസമിതി താഴെപ്പറയുന്ന കാര്യങ്ങളിൽ ശിപാർശ നൽകേണ്ടതുമാണ്, അതായത് :—

(എ) നിലവിലുള്ള എല്ലാത്തരം കളിസ്ഥലങ്ങളുടെയും സൂക്ഷ്മമായിട്ടുള്ള വാർഡുതല ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(ബി) അന്യാധീനപ്പെട്ടുപോകുന്നതും സംരക്ഷണം ആവശ്യമായതുമായ കളിസ്ഥലങ്ങളുടെ ലിസ്റ്റ് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

(സി) ഏതെങ്കിലും തരത്തിൽ കളിസ്ഥലങ്ങളുടെ നിലനിൽപ്പിനെ ബാധിക്കാത്ത പ്രവർത്തനങ്ങൾ നിരോധിക്കേണ്ടതുണ്ടെങ്കിൽ അതിന്റെ ആവശ്യകത ജില്ലാ വിദഗ്ദ്ധസമിതിയെ അറിയിക്കേണ്ടതാണ്.

(ഡി) ഏതെങ്കിലും തരത്തിൽ കളിസ്ഥലങ്ങൾക്ക് വിഘാതം വരുന്ന തരത്തിലും മറ്റെന്തെങ്കിലും നിർമ്മാണ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടി വരികയും ചെയ്യുന്ന സാഹചര്യത്തിൽ കളിസ്ഥലങ്ങൾ നിലനിർത്തുന്നതിനോ അല്ലെങ്കിൽ മാറ്റി സ്ഥാപിക്കുന്നതിനോ ഇതിൽ ഏതാണ് അഭികാമ്യമെന്ന് കണ്ടെത്തി പരിഹാര നിർദ്ദേശം നൽകുക.

(ഇ) സർക്കാരും ജില്ലാ വിദഗ്ദ്ധസമിതിയും കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുക.

(എഫ്) പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടി മറ്റേതെങ്കിലും കാര്യങ്ങളിൽ ഉപദേശം നൽകുക.

12. <u>കളിസ്ഥലങ്ങളുടെ സംരക്ഷണം, നിയന്ത്രണം, നിരോധനം.</u>—(1) കളിസ്ഥലങ്ങൾ സംരക്ഷിക്കാനാവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ/ മുനിസിപ്പാലിറ്റിയോ ഈ ആക്ടിലെ വ്യവസ്ഥകൾക്കും അതിൻപ്രകാരമുള്ള ചട്ടങ്ങൾക്കും വിധേയമായി ഏർപ്പെടുത്തേണ്ടതാണ്.

(2) കളിസ്ഥലവും, അനുബന്ധമായി സ്ഥലം ഉണ്ടെങ്കിൽ അതും മറ്റു ചിലതായിട്ടുള്ളതും വസ്തുവകകളും സംരക്ഷിക്കുന്ന തരത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാകുന്നു.



(3) കളിസ്ഥലങ്ങൾക്ക് ദോഷകരമായ തരത്തിലോ നിലനിൽപ്പിന് ഏതെങ്കിലും തരത്തിൽ ഹാനികരമായ രീതിയിൽ സ്വകാര്യവ്യക്തി തന്റെ സ്വന്തം സ്ഥലത്തോ പൊതു സ്ഥലത്തോ ഗവൺമെന്റ് സ്ഥലത്തോ പ്രവർത്തിക്കുന്നത് കാണുന്നപക്ഷം ആയത് നിയന്ത്രിക്കുന്നതിനും ദോഷകരമെന്ന് കാണുന്നപക്ഷം നിരോധിക്കേണ്ടതുമാകുന്നു.

(4) കായിക പരിപാടികൾക്കല്ലാതെ സർക്കാർ പരിപാടികൾക്കോ, പൊതു പരിപാടികൾക്കോ കളിസ്ഥലം നൽകുമ്പോൾ അതത് വിദഗ്ദ്ധ സമിതികളുടെ ശിപാർശ യിൻമേൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾക്ക് അനുമതി നൽകാവുന്നതും പ്രസ്തുത കളിസ്ഥലങ്ങൾക്ക് ഏതെങ്കിലും കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം ഈടാക്കേണ്ടതുമാണ്.

(5) പൊതു കളിസ്ഥലങ്ങൾ സംരക്ഷിക്കേണ്ടതിനാവശ്യമായ നിയന്ത്രണവും നിരോധനവും നടത്തേണ്ടതാണ്. അതിനായി സർക്കാരിന് വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതുമാണ്.

(6) ഇരുപത് വർഷമോ അതിലധികമോ വർഷം പഴക്കമുള്ള ഏതൊരു കളിസ്ഥലവും മറ്റെന്താവശ്യത്തിനുവേണ്ടി നിർമ്മാണ പ്രവൃത്തിക്കോ വികസന പ്രവൃത്തിക്കോവേണ്ടി ഒഴിവാക്കുന്നതായി കണ്ടാൽ അതത് വിദഗ്ദ്ധസമിതി യഥാസമയം പ്രസ്തുത വിവരം ജില്ലാ വിദഗ്ദ്ധസമിതിയെ അറിയിക്കേണ്ടതും, ജില്ലാ വിദഗ്ദ്ധസമിതി അതത് വിദഗ്ദ്ധസമിതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സൂക്ഷ്മമായി പരിശോധിച്ച് സർക്കാരിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാകുന്നു.

(7) പ്രസ്തുത നിയന്ത്രണങ്ങളും, നിയമങ്ങളും പുറപ്പെടുവിക്കാനുള്ള അധികാരം കളക്ടറിൽ നിക്ഷിപ്തമാണ്.

(8) വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും കളിസ്ഥലങ്ങൾക്ക് വിലക്കോ നിയന്ത്രണമോ, സ്ഥിരമായോ താത്കാലികമായോ ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർക്ക് ഒരു വിജ്ഞാപനത്തിലൂടെ വെളിപ്പെടുത്താൻ കഴിയും.

(9) തത്സമയം പ്രാബല്യത്തിലുള്ള ഒരു നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കാവുന്നതും 1973-ലെ ക്രിമിനൽ നടപടിക്രമത്തിലെ വ്യവസ്ഥകൾ ബാധകമാക്കാവുന്നതുമാണ്.

13. <u>കളിസ്ഥലങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും നിർമ്മാണത്തിനും പഞ്ചായത്ത്/മുനിസിപ്പാലിറ്റി കമ്മിറ്റികൾക്കുള്ള ഉത്തരവാദിത്വം.</u>—(1) കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും അവയുടെ വിനാശം തടയുന്നതിനും ഫലപ്രദമായ നടപടികൾ എടുത്തുകൊണ്ട് അതത് പരിസ്ഥിതി വ്യവസ്ഥയ്ക്കനുകൂലമായി കളിസ്ഥലങ്ങളുടെ ഭൗതിക പരിസ്ഥിതി സംരക്ഷിക്കേണ്ടതാണ്. ആയതിനാവശ്യമായ നിയന്ത്രണങ്ങളും നിരോധനങ്ങളും അടക്കമുള്ള നടപടികൾ എടുത്തുകൊണ്ട് ഓരോ പഞ്ചായത്ത്/ മുനിസിപ്പൽ കമ്മിറ്റികളും പ്രവർത്തിക്കേണ്ടതാണ്.

(2) ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റി വിദഗ്ദ്ധസമിതിയും അതിന്റെ പ്രദേശത്തുള്ള കളിസ്ഥലങ്ങൾ കൃത്യമായ കണക്കും അതിന്റെ സ്വഭാവവും ഗുണനിലവാരവും ഏതെല്ലാം തരമെന്നും ആരുടെയെല്ലാം ഉടമസ്ഥതയിലെന്നുമുള്ള സൂക്ഷ്മമായ വിവരങ്ങളടങ്ങുന്ന യഥാർത്ഥ രജിസ്റ്റർ സൂക്ഷിക്കേണ്ടതാകുന്നു.

(3) മൂന്ന് വർഷം കൂടുമ്പോൾ പ്രസ്തുത രജിസ്റ്റർ സൂക്ഷ്മമായി പരിശോധിക്കുകയും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ രേഖപ്പെടുത്തി വയ്ക്കേണ്ടതുമാണ്.

(4) നിലവിലുള്ള കളിസ്ഥലങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് ആവശ്യമായ പഠനം നടത്തുകയും പരിപാലനത്തിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് ജില്ലാ വിദഗ്ദ്ധസമിതി മുമ്പാകെ ഹാജരാക്കേണ്ടതുമാകുന്നു.

(5) ഓരോ പ്രദേശത്തിന്റെ പ്രത്യേകതകൾ, സാധ്യതകൾ, ആവശ്യങ്ങൾ, അഭിരുചി എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥല-ജല-വിഭവ സാധ്യതകൾ പരിഗണിച്ചു കൊണ്ട് വേണം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും പുതിയ കളിസ്ഥലങ്ങൾ നിർമ്മിക്കേണ്ടതും.

(6) കളിസ്ഥലങ്ങൾ ഇല്ലാത്ത ഓരോ തദ്ദേശസ്ഥാപനങ്ങളിലും മുൻഗണനാ ക്രമത്തിൽ അവ നിർമ്മിക്കാനുള്ള തീരുമാനങ്ങൾ എടുത്തു നടപ്പാക്കുകയും സ്വകാര്യ വ്യക്തികൾ, സ്വകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സ്ഥല സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്കാകെ പ്രയോജനപ്പെടുത്തി അനുയോജ്യമായ കളിസ്ഥലങ്ങൾ ഉണ്ടാക്കുന്നതിനും പദ്ധതികൾ വിഭാവന ചെയ്ത് നടപ്പാക്കുന്നതാണ്.

(7) ഈ ആക്ടിലോ അതിൻ കീഴിലെ ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്കും ഈ കാര്യത്തിൽ സർക്കാരിന്റെ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അതിന് വിധേയമായി ജില്ലാ വിദഗ്ദ്ധസമിതിക്ക് കളിസ്ഥലങ്ങളുടെ സംരക്ഷണം, പരിപാലനം, നിർമ്മാണം എന്നിവ നടത്തുന്നതിനാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തുന്ന സമയം സർക്കാരിലെ ഏതെങ്കിലും വികസന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ ആയതിനനുസൃതമാവേണ്ടതുമാണ്.

(8) ജില്ലാ കളക്ടർ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് മുമ്പ് സർക്കാരിന്റെ അനുമതി വാങ്ങേണ്ടതാണ്.

(9) കളിസ്ഥലങ്ങളുടെ സംരക്ഷണം-പരിപാലനം-നിർമ്മാണ ഫണ്ട് എന്ന പേരിൽ ജില്ലാ കളക്ടർ ഇതിനാവശ്യമായ ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണ്. പ്രസ്തുത ഫണ്ടിന്റെ മൊത്തം വരവ് ചെലവ് കണക്ക് ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതുമാണ്.

(10) സർക്കാർ ഈ ആവശ്യത്തിനായി പ്രത്യേകം നിയമിക്കുന്ന ഉദ്യോഗസ്ഥന് പരിശോധനയ്ക്കായി കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

(11) ഈ ഫണ്ടിലേക്ക് മാറ്റം ചെയ്യേണ്ട തുക ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ സ്വരൂപിച്ച ഏതൊരു തുകയും ഈ ആക്ടിന്റെ കീഴിൽ ഉണ്ടാക്കിയ ഫണ്ടിലേക്ക് മാറ്റം ചെയ്യപ്പെട്ടതും നിക്ഷിപ്തമാക്കപ്പെട്ടതും ഫണ്ടിന്റെ ഭാഗമായി മാറുന്നതും ആണ്.





14. പ്രസ്തുത ആക്ട് ധിക്കരിക്കലും ശിക്ഷയും.—(1) ഈ ആക്ടിന്റെ ലംഘനത്തിനുള്ള ശിക്ഷ ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥകളെ അതിൻ കീഴിലാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ ലംഘിക്കുന്ന ഏതൊരാളിനെയും കുറ്റസ്ഥാപനത്തിൻമേൽ മൂന്ന് വർഷംവരെ ആകാവുന്ന തടവുശിക്ഷയോ ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയോ, ലംഘനം തുടരുന്ന സംഗതിയിൽ അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തിനും 1,000 രൂപ വരെയാകുന്ന അധികമായ പിഴ ശിക്ഷയുംകൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

(2) ഈ ആക്ട് പ്രകാരമോ അതിൻ കീഴിലോ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും അത്തരം കുറ്റത്തിന് ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ ആക്ട് പ്രകാരം ശിക്ഷാർഹമാക്കിയിട്ടുള്ള ഏതെങ്കിലും പ്രവൃത്തിക്കോ വീഴ്ചയ്ക്കോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമ പ്രകാരം ഏതെങ്കിലും ആളിനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഈ ആക്ടിലെ യാതൊന്നും തടസ്സമാകുന്നില്ല.

(4) പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പാലിക്കാതെ ജൈവ ഭൗതിക പരിസ്ഥിതിയുടെ നാശത്തിനോ ദോഷകരമായോ പ്രവർത്തിച്ചാൽ യന്ത്രമോ വാഹനമോ മറ്റായുധങ്ങളോ പോലീസിനോ റവന്യൂ ഉദ്യോഗസ്ഥൻമാർക്കോ കണ്ടുകെട്ടലിന് വിധേയമാക്കാവുന്നതാണ്.

(5) ഈ വകുപ്പിലെ ആവശ്യത്തിനായി വാഹനം എന്നതിൽ നാടൻ വള്ളങ്ങൾ, ചങ്ങാടങ്ങൾ, ബോട്ടുകൾ തുടങ്ങിയവ ഉൾപ്പെടുന്നതാകുന്നു.

(6) ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ ഒരാളുടെയോ ജില്ലാ കളക്ടറുടെയോ, അതത് വിദഗ്ദ്ധസമിതിയുടെ ചെയർമാൻ/കൺവീനർ എന്നിവരുടെ പരാതിയിൻമേൽ ഈ കാര്യത്തിൽ ഈ ആക്ട് പ്രകാരം ശിക്ഷിക്കപ്പെടത്തക്കതായ ഏതൊരു കുറ്റവും കോടതിക്ക് വിചാരണയ്ക്ക് എടുക്കാവുന്നതാണ്.

15. നിയമഭേദഗതിയും ചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യൽ.—(1) പ്രസ്തുത ആക്ടിലെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിന് ശേഷം, എത്രയും വേഗം നിയമസഭാ സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ മുമ്പാകെ 14 ദിവസത്തേക്ക് അത് ഒരു സമ്മേളനത്തിനോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലുൾപ്പെടാൻ വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിപ്പിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ ഏതെങ്കിലും മാറ്റം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന്

തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതി പോലെ അതിനെ മാറ്റം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടാവുന്നതോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു.

16. പരിശോധനയ്ക്ക് സർക്കാരിനുള്ള അധികാരം.—ഈ ആക്ടിൻകീഴിലോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് കീഴിലോ ഒരു ജില്ലാ വിദഗ്ദ്ധസമിതിയോ ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ വിദഗ്ദ്ധസമിതിയോ എടുക്കുന്ന ഏതൊരു തീരുമാനം സംബന്ധിച്ചും റിപ്പോർട്ട് വാങ്ങുന്നതിനും ഫയൽ പരിശോധിക്കുന്നതിനും അതിൻമേൽ ജില്ലാ വിദഗ്ദ്ധസമിതി ചെയർമാന് മേൽനടപടികൾ സ്വീകരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

17. മറ്റു നിയമങ്ങളിൻമേലുള്ള അതിപ്രഭാവം.—ഈ ആക്ടിലെയും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അതിന് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

18. സർക്കാരിന് പ്രസ്തുത ആക്ട് നടപ്പിലാക്കുന്നതിനുള്ള ഉറപ്പു വരുത്തുന്നതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന സമ്പ്രദായത്തിലും രീതിയിലും കാലാനുസൃതമായ മാറ്റം വ്യവസ്ഥ ചെയ്യാവുന്നതാണ്.

19. അപ്പീൽ.—(1) ഈ ആക്ടിൻകീഴിലോ അതിൻകീഴിലുണ്ടാക്കിയ ചട്ടപ്രകാരമോ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/കമ്മിറ്റിയോ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിൻമേലോ എടുത്ത തീരുമാനത്തിന്മേലോ ആക്ഷേപമുള്ള ഏതൊരാൾക്കും പ്രസ്തുത തീരുമാനമോ ഉത്തരവോ പുറപ്പെടുവിച്ച് 15 ദിവസത്തിനകം ജില്ലാ വിദഗ്ദ്ധസമിതിയുടെ ചെയർമാന് അപ്പീൽ നൽകാവുന്നതാണ്.

(2) 1-ാം ഉപവകുപ്പ് പ്രകാരം കിട്ടിയ ഏതൊരപ്പീലും അപ്പീൽ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം തീരുമാനിക്കേണ്ടതും അപ്പീൽ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

20. ആക്ടിലെ വൈഷമ്യങ്ങൾ നീക്കംചെയ്യൽ.—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനാൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം സർക്കാരിന് ഉത്തരവുമൂലം ആ വൈഷമ്യം നീക്കുന്നതിന് ആവശ്യമെന്ന് അവർക്ക് തോന്നുന്ന ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത യാതൊരു കാര്യവും ചെയ്യാവുന്നതാണ്. എന്നാൽ ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതുമുതൽ രണ്ട് വർഷത്തിനുശേഷം യാതൊരു ഉത്തരവും ഈ വകുപ്പിന് കീഴിൽ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പുപ്രകാരമുള്ള ഏതൊരു ഉത്തരവും അതുണ്ടാക്കിയതിന് ശേഷം ഏറ്റവും അടുത്തുവരുന്ന നിയമസഭാ സമ്മേളനത്തിൽ വയ്ക്കേണ്ടതാണ്.



## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ആരോഗ്യമുള്ള ജനത ഏതൊരു സമൂഹത്തിന്റെയും വളർച്ചയ്ക്ക് അനിവാര്യമായ ഘടകമാണ്. കേവല വിനോദത്തിനപ്പുറം ആരോഗ്യ സംരക്ഷണത്തിനും കൂടിയാണ് നാം കായികവിനോദങ്ങളിൽ ഏർപ്പെടുന്നത്. വ്യായാമമില്ലാത്ത ജനങ്ങൾ രോഗഗ്രസ്ഥമായ ഒരു സമൂഹത്തെയാണ് സൃഷ്ടിക്കുന്നത്. അനുദിനം ഗ്രാമങ്ങൾപോലും നഗരവത്കരിക്കുന്ന സംസ്ഥാനത്തെ സവിശേഷമായ സാഹചര്യത്തിൽ വ്യായാമത്തിനും കായികവിനോദത്തിനും കളിസ്ഥലങ്ങളുടെ അഭാവം വർദ്ധിക്കുകയാണ്. ആയതിനാൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും പുതിയ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും യുക്തമായിരിക്കുന്നതിനാൽ അടിയന്തരമായി ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യകതയിലേക്ക് എത്തിച്ചേരാൻ ഇടയായിരിക്കുന്നു.

ജനകീയ ആരോഗ്യം ഒരു ജനതയുടെ ആരോഗ്യമായി മാറ്റുവാൻ കായിക വിനോദങ്ങളും വ്യായാമങ്ങളും പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റിന് സാമ്പത്തിക ബാധ്യതകൾ ഉണ്ടാകുന്നതാണ്. സംസ്ഥാനത്താകെയുള്ള വ്യവസ്ഥകൾ പ്രകാരം നിലവിലുള്ള വിവിധ പദ്ധതികൾക്ക് ചെലവഴിക്കുന്ന തുകയ്ക്ക് പുറമേ ഉദ്ദേശം അൻപത് ലക്ഷം പ്രാരംഭ ചെലവ് സഞ്ചിതനിധിയിൽ നിന്നും പ്രതീക്ഷിക്കുന്നു.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഇതിലെ വ്യവസ്ഥ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ആയത് നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവും ഭരണപരമായ സ്വഭാവത്തോടുകൂടിയതുമാണ്. ആയതിനാൽ ഏല്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.